# നേത്രാഭിനയത്തിന്റെ വിശ്വാദ്ഭുതം

## മാണിമാധവച്ചാക്യാർ (1899-1990)

1

മാണിമാധവച്ചാക്യാരെപ്പറ്റിയുള്ള എന്റെ ഓർമ്മകൾ പരീക്ഷത്ത് തമ്പുരാനുമായി ബന്ധപ്പെട്ടുകിടക്കുന്നു; തുടക്കവും ഒടുക്കവും. 1964. തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ പഠിക്കുന്ന കാലം, പതിനേഴോ പതിനെട്ടോ വയസ്സ്. കോളേജിന്റെ രജതജൂബിലി മൂന്നു ദിവസം വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണ്. ആദ്യത്തെ ആലോചനായോഗത്തിൽതന്നെ പ്രിൻസിപ്പൽ അറിയിച്ചു - പരിപാടികളിൽ മുഖ്യമായൊന്ന് മാണിമാധവച്ചാക്യാരുടെ കൂടിയാട്ടമാണ്; തമ്പുരാന്റെ തീരുമാനമാണ്. കൂടിയാട്ടമെന്ന പേരൊന്നും അക്കാദമികമേഖലയിൽ പരിചിതമല്ലാത്ത കാലം.

കൂടിയാട്ടം തുടങ്ങി. അതിപ്രൗഢമായ സദസ്സ്. പ്രത്യേകം തയ്യാറാക്കിയ പന്തലിൽ സിംഹാസനം പോലുള്ള ഇരിപ്പിടത്തിൽ തമ്പുരാൻ മുമ്പിൽ. പിന്നിൽ പണ്ഡിതരാജന്മാരുടെ നീണ്ടനിര. ധനഞ്ജയമാണ് കഥ. വിദൂഷകനായി ചാക്യാർ രംഗത്തെത്തി. സദസ്സിൽ നിറഞ്ഞ ആഹ്ലാദം. പണ്ഡിതരാജൻ തൃക്കോവിൽ അച്യുതവാരിയർ മുൻനിരയിലുണ്ട്. അദ്ദേഹത്തെ ചൂണ്ടി നന്നായി പരിഹസിക്കുന്നുണ്ട്; വൈദ്യമാണ് വിഷയം. ആകാശകന്യക താഴെക്ക് വീഴുകയാണ്. വിദൂഷകൻ അവകാശം ഉറപ്പിച്ചു. 'അത്ര വീഴുകിലസ്മാകം'. കാല് കൊണ്ടൊരുവര. 'തോഴന്നന്യത്ര വീഴുകിൽ'. മേലോട്ട് നോക്കി. 'മദ്ധ്യേ വീഴുകിലക്കന്യാം പപ്പാതി വിഭജിച്ചിടാം.' തമ്പുരാൻ കുലുങ്ങിക്കുലുങ്ങി ചിരിക്കുന്നു.

അവസാനം കണ്ടതും കോളേജിൽ വെച്ചുതന്നെ. 1987 പരീക്ഷിത്ത് തമ്പുരാന്റെ ജന്മദിനാഘോഷം. തമ്പുരാനെഴുതിയ 'സുബോധിനി' എന്ന ന്യായഗ്രന്ഥത്തിന്റെ പുനഃപ്രകാശനം ഏറ്റു വാങ്ങുന്നത് ചാക്യാർ. ഞാനന്ന് പ്രിൻസിപ്പലാണ്. ശ്രീ. കെ. എ. ചന്ദ്രഹാസനും ഞാനും കൂടി കിള്ളിക്കുറിശ്ശിമംഗലത്തിൽ മഠത്തിലെത്തി ചാക്യാരെ കണ്ടു. നന്നേ അവശനായിരിക്കുന്നു അദ്ദേഹമപ്പോൾ. യാത്രചെയ്യാൻ വിഷമം. ഗുരുനാഥന്റെ കാര്യമാണ്; വരാമെന്നേറ്റു. അന്നദ്ദേഹം അവതരിപ്പിച്ചത് പ്രഹ്ലാദചരിതം കൂത്താണ്. ഇതിന്റെ പിന്നിലൊരു കഥയുണ്ട്.

അടുത്ത സുഹൃത്തായ പെരുവത്ത് രാമൻ നമ്പ്യാരുടെ അപേക്ഷ അനുസരിച്ചാണ് തമ്പുരാൻ പ്രഹ്ലാദചരിതമെഴുതിയത്. അതിപ്രൗഢം, ഭക്തിരസപ്രധാനം. ദീർഘകാലത്തെ തപസ്യയുടെ ഫലമായിട്ടാണ് അതെഴുതിത്തീർന്നത്. അരങ്ങിലതൊന്ന് പറഞ്ഞു കേൾക്കണമെന്ന് തമ്പുരാന് മോഹമുണ്ടായി. നമ്പ്യാർ അന്നത്തെ പ്രമുഖരായ പല ചാക്യാന്മാരെയും സമീപിച്ചു. വായിച്ചു നോക്കിയിട്ട് അവർ മടക്കി-'വിദ്വാൻമാർക്ക് വായിച്ചു രസിക്കാനെ പറ്റൂ; പ്രബന്ധമാക്കി പറഞ്ഞാൽ നന്നാവില്ല;' നമ്പ്യാരിക്കാര്യം മാധവച്ചാക്യാരോട് പറഞ്ഞു. പ്രബന്ധം ചാക്യാർ വാങ്ങി, വായിച്ചു, പഠിച്ചു. ഒരു ദിവസത്തെ കൂത്ത് പ്രഹ്ലാദചരിതമായിരുന്നു. കേട്ടവർക്കൊക്കെ വലിയ പ്രീതിയായി. തമ്പുരാൻ ചാക്യാരെ വിളിച്ചു.

> 'മാധവാ, വളരെ സന്തോഷമായി. ഞാൻ എന്ത് പ്രതിഫലം തരണമെന്ന് ആലോചിച്ചിട്ട് കിട്ടുന്നില്ല.' 'അനുഗ്രഹം മാത്രം മതി. ഇതെന്റെ ഗുരുദക്ഷിണയാണ്. അടുത്തവർഷം മുഴുവൻ പഠിച്ച് ഏഴ് ദിവസമായി പറയണമെന്നേ ആഗ്രഹമുള്ളൂ'

ചാക്യാർ ഗുരുവിന്റെ പാദത്തിൽ പ്രണമിച്ചു. അടുത്തവർഷം സമ്പൂർണ്ണമായി ഏഴു ദിവസം കൊണ്ട് വിസ്തരിച്ചു പറയുകയും ചെയ്തു. പിന്നീട് അവസാനകാലത്തോടടുത്ത് അത് റെക്കോർഡ് ചെയ്തു.

പ്രായാധിക്യം മൂലം ഇരുന്നുകൊണ്ടാണ് ചാക്യാർ അന്നു കൂത്ത് പറഞ്ഞത്. ആമുഖമായി ഗുരുവിനെ അനുസ്മരിച്ചു. കണ്ഠം ഇടറുന്നുണ്ടായിരുന്നു. തുടർന്നു മുഴങ്ങുന്ന സ്വരത്തിൽ കൂത്ത്. സദസ്സ് രോമാഞ്ചത്തോടെ കേട്ടിരുന്നു. ഗുരുവിന് ശിഷ്യന്റെ അന്തിമോപചാരം!.

2

തന്റെ കാലഘട്ടത്തിലെ ചാക്യാന്മാരിൽ ഏറ്റവും വലിയ പണ്ഡിതൻ മാധവച്ചാക്യാരായിരുന്നു. വ്യാകരണവും തർക്കവും ഗുരുകുലരീതിയിൽതന്നെ പരിനിഷ്ഠിതമായി അദ്ദേഹം പഠിച്ചിരുന്നു. പരീക്ഷിത്ത് തമ്പുരാനിൽ നിന്ന് പഠിച്ചത് അലങ്കാരവും നാട്യവുമായിരുന്നു. തൃശൂർ കാനാട്ടുകരയിൽ വെച്ചായിരുന്നു അഭ്യസനം. സംസ്കൃതത്തിലെ ശാസ്ത്രങ്ങളും കാവ്യങ്ങളും പുരാണങ്ങളുമെല്ലാം അദ്ദേഹത്തിന് ഹൃദിസ്ഥമായിരുന്നു.

കൊടുങ്ങല്ലൂർ കോവിലകവുമായും ദൃഢമായ ബന്ധം ചാക്യാർക്കുണ്ടായിരുന്നു. പണ്ഡിതമണ്ഡല

മായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ. കവിസാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞുണ്ണിത്തമ്പുരാൻ, മഹാവിദുഷിയായി കൊച്ചിക്കാവ് തമ്പുരാട്ടി, വിദ്വാൻ മാന്തിട്ട കുഞ്ചുണ്ണിനമ്പൂതിരി....സാക്ഷാത് ഗോദവർമ്മ ഭട്ടൻ തമ്പുരാനായിരുന്നു നായകത്വം. ഈ മഹാപണ്ഡിതന്മാരുടെ മുൻപിൽ കൂത്ത് പറഞ്ഞു. ആറാം ദിവസം ഭഗവദ്ദൂത്. ദുര്യോധനൻ അപഹസിക്കുകയാണ്-

'ആരാണീ അർജ്ജുനൻ. ഒരു മനുഷ്യൻ തന്നെ. അയാളെന്തുചെയ്യും?'

പാണ്ഡവദൂതനായ ശ്രീകൃഷ്ണന്റെ മറുപടി.

"യുക്തം യത്തു യുധിഷ്ഠിരേ വിനികൃതേ
കൃഷ്ണാപമാനേ ച യദ്
യദ്യച്ചാരണ്യനിവാസനേ യദപി
ഖലാജ്ഞാതവാസശ്രമേ
യച്ചാസ്ത്രേഷു സമാർജിതേഷ്വവികലം
യച്ച പ്രസന്നേ ഹരേ
ക്രുദ്ധേ യച്ച ധനഞ്ജയേ യദധുനാ
കർമ്മൈഷ നിർമാസ്യതി"

(ധർമ്മപുത്ര മഹാരാജാവിനെ അപമാനിച്ചതിനും പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്തതിനും പന്ത്രണ്ടു സംവത്സരം കാട്ടിലയച്ച് കഷ്ടപ്പെടുത്തിയതിനും അജ്ഞാതവാസകാലത്ത് ഉപദ്രവിച്ചതിനും വേണ്ടവിധ ത്തിലുള്ള ആയുധാഭ്യാസങ്ങളെല്ലാം ചെയ്ത അഭ്യാസഫലം സിദ്ധിച്ചിട്ടുള്ളവനും സംഹാരമൂർത്തിയായ ശിവനിൽ നിന്ന് പാശുപതാസ്ത്രം ലഭിച്ചുട്ടുള്ളവനുമായ എന്റെ അർജുനൻ ഇതിനൊക്കെ പകരമായി എന്തെല്ലാം ചെയ്യണമോ അതൊക്കെ ചെയ്യും)

പ്രസന്നേ ഹരേ യുക്തം യത്, ക്രുദ്ധേ ധനഞ്ജയേ യുക്തം യത് എന്ന് വെവ്വേറെ അർത്ഥം പറഞ്ഞു. സാധാരണ ഇത്രയേ പറയാറുള്ളൂ. എന്നാൽ ധനഞ്ജയശബ്ദത്തിന് അഗ്നി എന്നുകൂടി അർത്ഥമുണ്ട്. അങ്ങനെ വ്യാഖ്യാനിച്ച് ശിവൻ പ്രസാദിക്കുകയും അഗ്നി കോപിക്കുകയും ചെയ്താലത്തെ അവസ്ഥയാണ് കൗരവന്മാർക്ക് വരാൻ പോകുന്നത് എന്ന് സരസമായി പറഞ്ഞു വെച്ചു മാധവച്ചാക്യാർ. കൗരവന്മാർ ഭസ്മമായിപ്പോകും! കൂത്ത് തീർന്നപ്പോൾ ഭട്ടൻ തമ്പുരാൻ മാധവനെ ആലിംഗനം ചെയ്തു. 'ഇത്ര നിരീച്ചിരുന്നില്ല'! വിരലിൽ കിടന്ന രാജചിഹ്നം കൊത്തിയ മോതിരം മാധവന്റെ വിരലിലണിയിച്ചു- 'ഭട്ടരായഃ' എന്ന പേരും നടുക്ക് ശംഖും ഇരുവശങ്ങളിലുമായി വാളും വിളക്കും കൊത്തിവെച്ച മോതിരം. രാഷ്ട്രപതിയിൽ നിന്ന് പദ്മശ്രീ ഉൾപ്പെടെയുള്ള അനേകം പുരസ്കാരങ്ങൾ പിൽക്കാലത്ത് ലഭിച്ചിട്ടുണ്ട്. എങ്കിലും ഇരുപത്തിനാലാമത്തെ വയസ്സിൽ ഈ മഹാപണ്ഡിതനിൽ നിന്ന് ലഭിച്ച മോതിരത്തിനൊപ്പമാവില്ല അതൊന്നും എന്ന് ചാക്യാർ പറയാറുണ്ട്.

ചാക്യാരുടെ വാക്കിന് ഒട്ടേറെ ഗുണങ്ങളുണ്ട് - സ്ഫുടത, അക്ഷരവ്യക്തി, ഭാവാവേശം, സ്വര നിയന്ത്രണം, എന്നിങ്ങനെ. എങ്കിലും സഹൃദയരെ ഏറെ ആകർഷിക്കാറുള്ളത് വ്യാഖ്യാനകൗശലമാണ്. രാമായണത്തിലെ പ്രസിദ്ധമായ 'രാമം ദശരഥം വിദ്ധി' എന്ന ശ്ലോകത്തിന് പതിനാല് തരത്തിൽ അർത്ഥം പറഞ്ഞ് തൃപ്പൂണിത്തുറയിലെ പണ്ഡിതരാജന്മാരെ അദ്ദേഹം അമ്പരപ്പിച്ചിട്ടുണ്ട്!

സാമൂതിരിക്കോവിലകത്തൊരിക്കൽ കൂത്ത് പറയുമ്പോൾ 'സ്വർഗ്ഗവിഭൂഷണം' എന്ന പദം മൂന്നു തരത്തിൽ പദം മുറിച്ച് അർത്ഥം പറഞ്ഞ് സദസ്സിനെ വിസ്മയിപ്പിച്ചിട്ടുണ്ട്. അശോകവനികാങ്കത്തിൽ രാവണൻ തന്റെ കേമത്തം വിളമ്പുന്നതാണ് ശ്ലോകം.

"ഏതേ സ്വർഗ്ഗവിഭൂഷണം വിടപിനോ മന്ദാകിനീരോധസോ
ധീരം പശ്യതി ദേവ ഭർത്തരി മഹീം നേതും മയോന്മൂലിതാഃ
ഏഷാ ചുംബതി രാജഹംസമിഥുനം ഹേമാംബുജാന്യേകതോ
ദഷ്ട്വാ പല്ലവമേകതഃ സകലിതം മാദ്യന്തി പുംസ്കോകിലാഃ"

(ഞാൻ സ്വർഗലോകത്തിൽച്ചെന്ന് ദേവേന്ദ്രൻ നോക്കി നിൽക്കെ പറിച്ചെടുത്ത് ലങ്കയിൽ കൊണ്ടുവന്ന് നട്ടു നനച്ചു വളർത്തിയിട്ടുള്ളതായ കൽപവൃക്ഷം, ഹരിചന്ദനം, സന്താനം തുടങ്ങിയ വൃക്ഷങ്ങളാണ് ഈ നിൽക്കുന്നവയെല്ലാം. ഇതിന്റെ കൊമ്പുകളിലിരുന്ന് രാജഹംസമിഥുനങ്ങൾ പൊൻതാമരയിൽ നിന്ന് തേൻ കുടിക്കുന്നു. മറ്റു ചില കൊമ്പുകളിൽ കുയിലുകൾ തളിർ കൊത്തിനുറുക്കി ജലാർദ്രമാക്കി ഭക്ഷിച്ച് മദിച്ചു നടക്കുന്നു.)

'സ്വർഗവിഭൂഷണം' എന്ന പദം വിസ്തരിച്ചഭിനയിച്ചു. സ്വർഗവിഭൂഷണം-സ്വർഗത്തിന് ഭൂഷണ

മായി ഇരിക്കുന്നത് എന്നും, സ്വർഗത്തിനും ഭൂമിക്കും ഭൂഷണമായിട്ടുള്ളത് എന്നും (സ്വർ, ഗവി, ഭൂഷണം), സ്വർഗത്തിലെ പക്ഷികളെക്കൊണ്ട് ഭൂഷണമായിട്ടുള്ളത് എന്നും (സ്വർഗ, വി, ഭൂഷണം) മൂന്നർത്ഥങ്ങൾ അഭിനയിച്ചു. കൂത്ത് അവസാനിച്ചപ്പോൾ സാമൂതിരിപ്പാട് ചാക്യാരുടെ കൈകളിൽ വീരശൃംഖല അണിയിച്ചു!

### 3

വാക്കിലുള്ള ചാക്യാരുടെ വൈഭവം തദ്ദേശീയരായ സഹൃദയരാണ് ആസ്വദിച്ചത്. എന്നാൽ ലോകമെമ്പാടുമുള്ള നാടകപ്രവർത്തകരും നാട്യവിദഗ്ധരും നർത്തകരും അനുഭവിച്ചാവേശം കൊണ്ടത് അദ്ദേഹത്തിന്റെ 'നോക്കി'ലുള്ള സവിശേഷതയാണ്. അതിൽതന്നെ നേത്രാഭിനയം. കണ്ണാണ് കൂടിയാട്ടത്തിന്റെ കാതൽ. നാട്യശാസ്ത്രത്തിന്റെയും ചിലപ്പതികാരത്തിന്റെയും കാലം മുതൽ ഏവരും അംഗീകരിച്ചതാണിക്കാര്യം. പറവൂർ കൂത്തെച്ചാക്കയരുടെ നൃത്തത്തിൽ പ്രധാനം ആയിരംഭാവം വിരിയുന്ന കൺകളായിരുന്നല്ലോ. (ചെങ്-കൺ-ആയിരം-തിരു-കുറിപ്പു-അരുളവും : Red eyes a thousand divine suggesstions എന്ന് ശ്രീ എൽ.എസ്. രാജഗോപാലിന്റെ പരിഭാഷ) ആയിരമല്ല, അതിലുമധികം അദ്ഭുതങ്ങൾ വിരിയുന്നതായിരുന്ന മാധവച്ചാക്യാരുടെ കണ്ണുകൾ. കൂടിയാട്ടത്തിലെ നേത്രംകൊണ്ട് മാത്രം അഭിനയിക്കേണ്ട 'ശിഖിനിശലഭം' പോലുള്ള ശ്ലോകങ്ങൾ എത്ര അനായാസമാണ് ചാക്യാർ അഭിനയിച്ചിരുന്നതെന്ന് കണ്ടിട്ടുള്ളവർക്കറിയാം. ശലഭങ്ങളിൽ ആൺ-പെൺ ഭേദത്തെ കാണിക്കാൻ ചാക്യാർ ഉപയോഗിക്കുന്ന ഉപായമിതാണ്-ആൺ ശലഭങ്ങളെ കാണുമ്പോൾ വീരഭാവം സ്ഫുരിക്കും, പെൺശലഭങ്ങളാണെങ്കിലോ ശൃംഗാരവും. ശ്രദ്ധിക്കുന്നവർക്കറിയാം അന്നു പറന്നവയിൽ ആൺശലഭങ്ങളാണോ അധികം പെൺ ശലഭങ്ങളാണോ അധികമെന്ന്. അഭിനയത്തിന്റെ ഇത്തരം സൂക്ഷ്മഭാവങ്ങൾ ചാക്യാർക്ക് നന്നായി അറിയാം. കുട്ടനീമതത്തിൽ രത്നാവലി നാടകത്തിന്റെ ആദ്യരംഗം അഭിനയിക്കുന്നതിന്റെ വിവരണമുണ്ടല്ലോ. നടിയെ അഭിനന്ദിച്ചുകൊണ്ട് സമരഭടൻ പറയുന്നത്, ഇവൾക്ക് വിഭാവങ്ങൾ സമാനമായ വിപ്രലംഭവും കരുണവും വേർതിരിച്ചുകാണിക്കാനുള്ള വൈഭവമുണ്ടെന്നാണ്. എന്താണീ സൂചിപ്പിച്ച അഭിനയത്തിന്റെ സവിശേഷതയെന്ന് ഞാനൊരിക്കൽ ആശാനോട് ചോദിച്ചു.-ഒറ്റവാക്യത്തിൽ അദ്ദേഹം അതു വിവരിച്ചു. 'വിപ്രലംഭവും കരുണവും അഭിനയിക്കുന്നതൊരുപോലെ. എന്നാൽ കരുണത്തിൽ അവസാനിപ്പിക്കുന്നത് കൺകോണുകളിൽ ശോകച്ഛവിയോടെയാകും, വിപ്രലംഭത്തിൽ പ്രത്യാശയോടെയും.' പ്രിയനാശത്തിലാണല്ലോ കരുണം, പുനഃസമാഗമം പ്രതീക്ഷിക്കുമ്പൊഴാണ് വിപ്രലംഭം.

കലാമണ്ഡലം കൃഷ്ണൻ നായരെ മാധവച്ചാക്യാർ നയനസാധകം അഭ്യസിപ്പിച്ച കഥപ്രസിദ്ധമാണല്ലോ. ദേശമംഗലത്തു മനയിൽ വെച്ചായിരുന്നു, മൂന്നുവർഷത്തോളമുണ്ടായിരുന്ന അഭ്യസനം. ദേശമംഗലത്ത് നാരായണൻ നമ്പൂതിരിപ്പാടാണ് അഭ്യാസം ഏർപ്പാടാക്കിയത്. അന്നദ്ദേഹം കലാമണ്ഡലം ഭരണസമിതിയിൽ അംഗമായിരുന്നു. അഭ്യാസത്തിന്നവസാനം പരീക്ഷ വേണമെന്ന് നമ്പൂതിരിപ്പാടിന് നിർബന്ധം. അതനുസരിച്ച് പരീക്ഷ നടത്തി.

ഗുരു ഒരിടത്തിരുന്നു. നേത്രാഭിനയം കൊണ്ട് ഒരു രംഗം അവതരിപ്പിച്ചു. ഒരുദ്യാനം. ധാരാളം വൃക്ഷങ്ങൾ. ഒരു വൃക്ഷത്തിന്റെ കൊമ്പിൽ ഊഞ്ഞാൽ കെട്ടിയിരിക്കുന്നു. ഒരു യുവതി പ്രവേശിച്ച് ചുറ്റും നോക്കി നടന്നാസ്വദിച്ച് ഊഞ്ഞാലിൽ വന്നിരുന്ന് ആടുന്നു. ആട്ടം വേഗത്തിലായപ്പോൾ വൃക്ഷത്തിൽ നിന്നു ഇലകൾ തുരുതുരാ പൊഴിയുന്നു.

ഗുരു ഇത്രയും കാണിച്ചു. ശിഷ്യൻ കൃത്യമായി മനസ്സിലാക്കി വിവരിച്ചു പറഞ്ഞു. ഇനിയാണ് പരീക്ഷയ്ക്കുള്ള ചോദ്യം- 'ഊഞ്ഞാൽ കെട്ടിയ വൃക്ഷമേതാണ്'?

ആരുമൊന്ന് പതറിപ്പോകും. വൃക്ഷമറിയാൻ ഒറ്റ സൂചനയേയുള്ളൂ-പൊഴിഞ്ഞ ഇലകളുടെ ആകൃതി. ആൺ-പെൺ ശലഭങ്ങളെ തിരിച്ചറിയുന്നതിലുള്ള കൗശലം ഇതിന് വേണം. ശിഷ്യൻ ഒന്നു പരുങ്ങി. ആലോചിച്ചിട്ട് പറഞ്ഞു- 'പുളിമരമാണെന്നാണ് തോന്നീത്'. ഗുരുവൊന്നു ചിരിച്ചു. 'തരക്കേടില്ല; പുളിയല്ല നെല്ലിയാണ്!' ഇലയുടെ ആകൃതി കണ്ണുകൊണ്ട് കാണിച്ചതനുസരിച്ചാണല്ലോ അളന്നത്. പുളിമരത്തിന്റെയും നെല്ലിയുടെയും ഇല ഒരു പോലെ ആണ്. ഗുരു യുക്തി കൂടി പറഞ്ഞുകൊടുത്തു.

'പുളിമരത്തിന് ഇല ഇങ്ങനെ പൊഴിയില്ല. നല്ല ഞെട്ടുറുപ്പുണ്ട്.'

കലാമണ്ഡലം കൃഷ്ണൻനായർ തന്നെ വിവരിച്ചതാണ് ഈ സംഭവം.

രസാവിഷ്കരണത്തിലാണ് നേത്രാഭിനയത്തിന്റെ പ്രാധാന്യം. രസം, ഭാവം, മുദ്ര, പ്രകരണം ഇതൊക്കെ രസാഭിനയത്തിൽ പ്രധാനമാണ്. അമേരിക്കയിലെ സ്റ്റോണി ബ്രൂക്ക് സർവ്വകലാശാലയിലെ തിയേറ്റർ വിഭാഗം

പ്രൊഫസർ ഫാർലി റിച്ച്മണ്ട് കേരളത്തിൽ വന്നു. അദ്ദേഹത്തിന് കേരളീയകല പഠിക്കണം. ഏതാണെന്ന് തീരുമാനിച്ചിട്ടില്ല. എൽ.എസ്. രാജഗോപാൽ അദ്ദേഹത്തെ കിള്ളിക്കുറിശ്ശിമംഗലത്തെത്തിച്ചു.

മാധവച്ചാക്യാർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. രസത്തെപ്പറ്റി പ്രൊഫസർ ചോദിച്ചു. രസം എന്താണ്? ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? ചാക്യാർ പറഞ്ഞു-അരങ്ങിലെ ചലനങ്ങളൊക്കെ രസനിർഭരങ്ങളാണ്. രസശൂന്യമായി ഒന്നുമില്ല. ഭാവങ്ങളോട് ബന്ധപ്പെട്ടവയാണ് പല പദങ്ങളും. ഉദാഹരണത്തിന് ശൃംഗാരമെന്നത് സുന്ദരിയോട് ബന്ധപ്പെട്ടതാണ്, വീരമെന്നത് രാജാവിനോട്, രൗദ്രം പുലിയോട്. ..അങ്ങനെ അങ്ങനെ. ഇത് മുദ്രാരസമാണ് നാമങ്ങൾക്ക് മാത്രമല്ല ക്രിയകൾക്കുമുണ്ട്, ഭാവങ്ങളോട് ബന്ധം 'പോകുക' എന്നതിന്റെ അർത്ഥം മുദ്രകൊണ്ട് കാണിച്ചശേഷം അദ്ദേഹം പറഞ്ഞു-പ്രകരണമനുസരിച്ച് ഇതിന്റെ അവതരണത്തിന് മാറ്റമുണ്ടാകും. ഇതാണ് പ്രകരണരസം. പോകുക.

1. കാമുകിയെ കാണാൻ പോകുന്നതിന്റെ രീതി. രതിഭാവങ്ങൾ, ആകാംക്ഷ, ധൃതി ഇതൊക്കെയാവും ഗതിമുദ്രക്കുള്ള ഭാവപ്രപഞ്ചം

2. രോഗാതുരയായ മാതാവിനെ കാണാൻ പോകുന്നു-അമ്മയോടുള്ള സ്നേഹം, ഉത്കണ്ഠ ഇതൊക്കെയാവും ഗതിയോടുള്ളചേർന്നുള്ള ഭാവങ്ങൾ.

3. യുദ്ധത്തിന് പുറപ്പെടുന്ന വീരൻ, മുൻപറഞ്ഞ രണ്ടു ഗമനങ്ങളുമല്ല ഇവിടെ. ഉത്സാഹത്തോടെ, ഔദ്ധത്യത്തോടെയുള്ള നടയാണ് വീരന്.

പ്രകരണരസമെന്തെന്ന് വ്യക്തമാക്കാൻ ഈ മൂന്നു ഗമനങ്ങളും അഭിനയിച്ചുകാണിച്ചു, ചാക്യാർ. പ്രൊഫസർ ആ മഹാനടനെ നമസ്കരിച്ചു; പഠിക്കേണ്ടത് കൂടിയാട്ടമാണെന്ന് നിശ്ചയിച്ച് കലാമണ്ഡലത്തിലേക്ക് പോയി. ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് മടങ്ങി അമേരിക്കയിൽ തന്റെ പഠനവിഭാഗത്തിൽ കൂടിയാട്ടത്തെ ഉൾക്കൊള്ളിച്ചു.

രസാവിഷ്കാരത്തിലെ പ്രധാനപ്പെട്ട പ്രശ്നം ഭാവങ്ങളും രസവും തമ്മിലുള്ള ചേർച്ചയും തുടർച്ചയുമാണ്. സ്ഥായിയായ ഭാവങ്ങൾ എട്ട് (ശാന്തം കൂടി ചേർത്ത് ഒമ്പത്), സഞ്ചാരികൾ 33. ഇവതമ്മിൽ ചേരുന്നു. ഏത് ഏതിനോട് എങ്ങിനെ, എപ്പോൾ എന്നതിനെ ആശ്രയിച്ചാണ് രസാനുഭവം. ശകുന്തളയുടെ ചിത്തത്തിലെ രതിസ്ഥായി; ദുഷ്യന്തദർശനത്തിൽ ലജ്ജ, വാക്കുകളിൽ ശ്രദ്ധ, തുടങ്ങിയ സഞ്ചാരികൾ. ഒരു കലാകാരൻ ഏറ്റവും ശ്രദ്ധിക്കേണ്ടത് സ്ഥിരമായ ഭാവത്തോട്, അതിലേക്ക് വന്നും അതിൽ നിന്ന് പോയിയുമിരിക്കുന്ന ചലഭാവങ്ങളെ സമഞ്ജസമായി മേളിപ്പിക്കുന്നതിലാണ്.

ഒരിക്കൽ പ്രസിദ്ധനർത്തകി കലാനിധി നാരായണൻ ചാക്യാരെ കാണാനെത്തി; അവരുടെ ശിഷ്യമാളവിക സരുക്കയും കൂടെ ഉണ്ടായിരുന്നു. ശിഷ്യയ്ക്ക് രസാഭിനയത്തിൽ പരിശീലനം കിട്ടാനാണ് അവരെത്തിയത്. ചാക്യാർ പറഞ്ഞു. ഏതവസരത്തിലും അചലമായ, സ്ഥിരമായ ഒരു ഭാവമുണ്ടാകും. അതിനെ ചുറ്റിപ്പറ്റിയാണ് ചലങ്ങളായ ഭാവങ്ങൾ. അവയെപ്പോഴും സ്ഥായിക്ക് വിധേയമായിരിക്കും. സ്ഥായിസദാ നിലനിർത്തുക. അരങ്ങിലെ ചലരാശികളെ സ്ഥിരരാശിയിൽ നിയന്ത്രിച്ചു നിർത്തുന്നതാണ് രസാഭിനയത്തിന്റെ കാതൽ. അദ്ദേഹം പ്രസിദ്ധമായ പാർവ്വതീവിരഹം അഭിനയിച്ചു കാണിച്ചു. ശിവനും പാർവ്വതിയും തമ്മിൽ ഗംഗയെ ചൊല്ലിയുള്ള കലഹമാണ് വിഷയം. എങ്കിലും സ്ഥായി ശിവപാർവ്വതിമാരുടെ ദൃഢമായ രതിഭാവമാണ്. കോപവും ഈർഷ്യയും അസൂയയും എല്ലാം മാറിമാറി വരുമ്പൊഴും സ്ഥായി വിടരുത്. ശിവന്റെ കുറ്റബോധം, ലജ്ജ, പാർവ്വതിയെ തെറ്റിദ്ധരിപ്പിക്കാനുള്ള കൗശലങ്ങൾ ഇവയൊക്കെ സ്ഥായിയായ രതിയെ മറച്ചുകൊണ്ടാകരുത് അഭിനയിക്കുന്നത്. അതുകൊണ്ട് ഈർഷ്യ കാണിക്കുമ്പൊഴും അത് കലഹത്തിലേക്ക് കടക്കരുത്. കൈലാസമിളകുമ്പോൾ പാർവ്വതി പരിഭ്രാന്തയായി ശിവനെ പ്രാപിക്കുന്നത് സ്ഥായിയുടെ ആവിഷ്കാരമാണ്. പാർവ്വതീവിരഹം ഇങ്ങനെ സ്ഥായി സഞ്ചാരികളുടെ പരസ്പരമേളനത്തോടെ അവതരിപ്പിച്ചുകണ്ടപ്പോൾ കലാനിധി മാളവികയോടൊപ്പം സാഷ്ടാംഗം ഗുരുവിനെ നമസ്കരിച്ചു; അത്യന്തം ആവർജ്ജകമായ അനുഭവമായിരുന്ന അവർക്ക് ലഭിച്ചത്.

## 4

കേരളത്തിൽ നൂറ്റാണ്ടുകളായി കൂടിയാട്ടം നിലനിന്നിരുന്നു എങ്കിലും പൊതുസമൂഹത്തിൽ കാര്യമായ ചലനങ്ങളുണ്ടാക്കാൻ അതിന് കഴിഞ്ഞിരുന്നില്ല;. ഒരു ഘടദീപമായിട്ടാണ് അതുകഴിഞ്ഞുപോന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് പുറംലോകം ഈ അത്ഭുതകലാരൂപത്തെപ്പറ്റി അറിഞ്ഞു തുടങ്ങിയത്. കേരളത്തിന് വെളിയിലേക്ക് കൂടിയാട്ടത്തെ നയിച്ചത് മാധവച്ചാക്യാരാണ്. സംസ്കൃനാടകാവതരണത്തിനുവേണ്ടി മദ്രാസിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സംസ്കൃതരംഗം. അനേകം സംസ്കൃത

നാടകങ്ങൾ സംസ്കൃതരംഗം അരങ്ങിലവതരിപ്പിച്ചിട്ടുണ്ട്. ഡോ. വി. രാഘവൻ ആയിരുന്നു രംഗത്തിന്റെ മുഖ്യചാലകശക്തി. 1962ൽ കൂടിയാട്ടം അവതരിപ്പിക്കുന്നതിനുവേണ്ടി സംസ്കൃതരംഗം ചാക്യാരെ ക്ഷണിച്ചു. ആദ്യമായിട്ടാണ് കൂടിയാട്ടം കേരളത്തിന്റെ അതിരുകൾ കടക്കുന്നത്. മൈലാപ്പൂരിലെ വിവേകാനന്ദഹാളിൽ വച്ച് മൂന്ന് ദിവസം കൂടിയാട്ടം അവതരിപ്പിച്ചു. തോരണയുദ്ധം. സുഭദ്രാധനഞ്ജയം, നാഗാനന്ദം. വി. രാഘവൻ, സി.പി. രാമസ്വാമി അയ്യർ തുടങ്ങി മദ്രാസിലെ പണ്ഡിതസമൂഹം ആദ്യമായി കൂടിയാട്ടം കണ്ടു. ഡോ. വി. രാഘവൻ ഇതേപറ്റി ഹിന്ദുവിൽ ദീർഘമായൊരു ലേഖനം എഴുതി. പുറംലോകം കൂടിയാട്ടത്തെപ്പറ്റി ആദ്യമായി അറിഞ്ഞത് ഈ വിവരണത്തിലൂടെയാണ്. തുടർന്നു കുഞ്ചുണ്ണിരാജ കൂടിയാട്ടത്തെപ്പറ്റി ഒരു ലഘുഗ്രന്ഥം കേന്ദ്രസാഹിത്യ അക്കാദമിയിലൂടെ പ്രസിദ്ധീകരിച്ചു. 1973-ൽ മദ്രാസ് സംഗീത അക്കാദമിയുടെ വാർഷികത്തിന് ഒരു ദിവസം കൂടിയാട്ടത്തെക്കുറിച്ച് സോദാഹരണപ്രഭാഷണം നടത്താൻ ചാക്യാരെ ക്ഷണിച്ചു. ഭാരതത്തിലെ പ്രമുഖരായ കലാപ്രവർത്തകരെല്ലാം അവിടെ ഒത്തുകൂടിയിരുന്നു. എൽ. എസ്. രാജഗോപാൽ ആണ് ഇംഗ്ലീഷിലും തമിഴിലും അവതരണങ്ങളെ പരിചയപ്പെടുത്തിയത്. ശിഖിനിശലഭമാണ് ആദ്യമായി അവതരിപ്പിച്ചത്, തുടർന്നു പാർവ്വതീവിരഹം. അതിസൂക്ഷ്മമായ നേത്രാഭിനയവും ഭാവശബളമായ പകർന്നാട്ടവും കണ്ട് സദസ്സ് സ്തബ്ധമായി. ഇത്ര അപൂർവ്വമായൊരു കലാനിധി തൊട്ടടുത്തുണ്ടെന്ന് ഇതുവരെ അറിയാതെ പോയതിൽ അവരൊക്കെ അദ്ഭുതപ്പെട്ടു.

ഈ സോദാഹരണ പ്രഭാഷണത്തിന് ഉടനുണ്ടായത് രണ്ടു ഫലങ്ങളാണ്. ഒന്ന്, ഈ അഭിനയത്തിൽ ആകൃഷ്ടയായ കപിലാവാത്സ്യായൻ ദൽഹിയിൽ ചെന്ന് മാധവച്ചാക്യാർക്ക് പദ്മപുരസ്കാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 1973 ഡിസംബർ 27ന് ആയിരുന്നു മദ്രാസിലെ പരിപാടി. ഒരു മാസമേയുള്ളൂ റിപ്പബ്ലിക് ദിനത്തിന്. ആ വർഷം പദ്മപുരസ്കാരം നൽകേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞിരുന്നു. എങ്കിലും പ്രത്യേക താൽപര്യമെടുത്ത് പദ്മശ്രീ പുരസ്കാരത്തിന് മാധവച്ചാക്യാരെ തെരഞ്ഞെടുത്തു. കൂടിയാട്ടത്തിന് ആദ്യമായി ലഭിക്കുന്ന ദേശീയാംഗീകാരം! രണ്ട്, സംസ്കൃതരംഗത്തിലെയും അക്കാദമിയിലെയും പരിപാടികൾക്ക് ദേശീയതലത്തിൽ വലിയ പ്രചാരം ലഭിച്ചു. തുടർന്നു ദൽഹിയിലും ബനാറസിലും ബോംബെയിലുമെല്ലാം ചാക്യാരുടെ നേതൃത്വത്തിൽ കൂടിയാട്ടപരിപാടികൾ നടന്നു. ഒരു ചെറുപ്പക്കാരൻ ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ബനാറസ് ഹിന്ദുയൂണിവേഴ്സിറ്റിയിൽ തിയേറ്റർ ആർട്സിനെക്കുറിച്ച് ഗവേഷണം നടത്തുന്ന പോളണ്ടുകാരനായ ക്രിസ്റ്റിഫർ ബ്രിസ്കി. അദ്ദേഹം ചാക്യാരുടെ കീഴിൽ കൂടിയാട്ടം പഠിക്കാൻ ആഗ്രഹിച്ച് കിള്ളിക്കുറിശ്ശിമംഗലത്തെത്തി. ചാക്യാർ സന്തോഷത്തോടെ ബ്രിസ്കിയെ സ്വീകരിച്ചു. ക്ഷേത്രപരിസരം വിട്ടുപോകാൻ മടിതീരാതിരുന്ന തന്റെ കുലവിദ്യ ഈ വിദേശിയെ പഠിപ്പിച്ചു. പിന്നീടദ്ദേഹം വിദേശത്ത് 'കൂടിയാട്ടത്തിന്റെ അപ്പോസ്തോലൻ' ആയി. പ്രാചീന നാടകവേദിയെപ്പറ്റിയുള്ള ഗവേഷണം പൂർത്തിയാക്കി, ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1980ൽ ആദ്യമായി കൂടിയാട്ടം ഇന്ത്യക്ക് വെളിയിൽ പോയി. പാരീസിലും പോളണ്ടിലും പുകൾ പരത്തി. ബ്രിസ്കിയായിരുന്നു അതിന്റെ മുഖ്യസൂത്രധാരൻ. കൂടിയാട്ടത്തെപ്പറ്റിയും കേരളത്തെപ്പറ്റിയും വലിയ മതിപ്പാണ് ബ്രിസ്കിക്ക് ഇപ്പോഴും. 1994ൽ അദ്ദേഹം തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ വന്നിരുന്നു, എന്റെ ക്ഷണം സ്വീകരിച്ച് പരീക്ഷിത്ത് സ്മാരക പ്രഭാഷണം നിർവ്വഹിക്കാൻ. പ്രഭാഷണത്തിലും സ്വകാര്യസംഭാഷണത്തിലും പത്രസമ്മേളനത്തിലുമൊക്കെ കേരളത്തിലെ തന്റെ കൂടിയാട്ട പഠനകാലത്തെയും മഹാഗുരുവിനെയും അദ്ദേഹം അനുസ്മരിച്ചിരുന്നു. കൂട്ടത്തിൽ പറയട്ടെ, എന്റെ നടാങ്കുശപ്രസിദ്ധീകരണത്തെ Historic Event in Kutiyattam Theatre എന്നാണദ്ദേഹം വിശേഷിപ്പിച്ചത്; തൊട്ടുമുൻപുള്ള വർഷമായിരുന്നു അതു പുറത്തുവന്നത്.

കൂടിയാട്ട കലാകാരന്മാർക്കു ലഭിച്ച ശ്രേഷ്ഠപുരസ്കാരങ്ങളൊക്കെ ആദ്യം തേടിയെത്തിയത് മാണിമാധവച്ചാക്യാരെ ആണ്-പദ്മപുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി ആവാർഡ്, മദ്ധ്യപ്രദേശ് സർക്കാരിന്റെ തുളസീപുരസ്കാരം. രാഷ്ട്രപതിഭവനിലും ലോകസംസ്കൃതസമ്മേളനത്തിലും കൂടിയാട്ടം ആദ്യമായി അവതരിപ്പിക്കാൻ ചരിത്രം നിയോഗിച്ചതും മാണിമാധവച്ചാക്യാരെ ആയിരുന്നു.

## 5

താൻ നേടിയ വിദ്യയും തന്റെ സിദ്ധികളും ഗുരുകാരണവന്മാരിൽ നിന്നു പകർന്നു കിട്ടിയ പാരമ്പര്യവും തന്റെ കാലശേഷം അന്യംനിന്നുപോകുമോ എന്ന ഭയം ചാക്യാരെ ശക്തമായി അലട്ടിയിരുന്നു. അറുപത് തികഞ്ഞപ്പോൾ അക്കാര്യം ഗുരുനാഥനായ പരീക്ഷിത് തമ്പുരാനെ അറിയിച്ചു. 'ഏതത് സ്മാരകമായി ഒരു ഗ്രന്ഥമെഴുതിക്കൊള്ളൂ' എന്നായിരുന്നു ഗുരുനിർദ്ദേശം. അതനുസരിച്ച് രചിച്ചതാണ് നാട്യകല്പദ്രുമം. പേരുസൂചിപ്പിക്കുന്നതുപോലെ നാട്യത്തിന്റെ കല്പവൃക്ഷം തന്നെയാണിത്. കൂടിയാട്ടത്തെപ്പറ്റി അറിയേണ്ടതെല്ലാം ഇതിലുണ്ട്. 1973ൽ കേരളകലാമണ്ഡലം ആണ് ഇത് പ്രസിദ്ധീകരിച്ചത്. സംജ്ഞാ, പരിഭാഷാ തുടങ്ങി എട്ട് പ്രകരണങ്ങളിലായി കൂടിയാട്ടത്തേപ്പറ്റിയുള്ള കാര്യങ്ങളെല്ലാം ഉദാഹരണസഹിതം ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. ആമുഖത്തിൽ ഗുരുനാഥനെപ്പറ്റിയുള്ള അനുസ്മരണം ഇങ്ങനെയാണ്.

വിബുധാരാധിതോ രാജാ
സുവൃത്തസ്സകലാനിധിഃ
ഗോശ്രീനാഥപരീക്ഷിന്മാ-
മനുഗൃഹ്ണാതു സദ്ഗുരുഃ

ആ മഹാനടനടനലീലയുടെ ഇന്നുള്ള സ്മാരകം കല്പദ്രുമമാണ്. ദാസ് ഭാർഗവീനിലയം രചിച്ച 'മാണി മാധവീയം' എന്ന ജീവചരിത്രം കേരളസാസംസ്കാരിക വകുപ്പിനെക്കൊണ്ട് പ്രസിദ്ധീകരിപ്പിക്കാൻ ഉപദേശകസമിതി അംഗം എന്ന നിലയിൽ, സാധിച്ചതിൽ അനല്പമായ ചാരിതാർത്ഥ്യം എനിക്കുണ്ട്.